(സി) കന്നുകാലികൾക്ക് കൃത്രിമ ബീജധാനത്തിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന പരിപാടിയുടെ ഭാഗമായി 1997-98 വർഷത്തിൽ ഒരു ഐ.സി.ഡി.പി. സെന്ററും അതിനു കീഴിൽ 4 റീജിയണൽ എ. ഐ.സെന്ററുകളും പുതുതായി ആരംഭിച്ചു. കൂടാതെ ഉത്തരകേരളത്തിന് പ്രത്യേക പ്രാധാന്യം നൽകി 360 പുതിയ ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങൾ ആരംഭിച്ചു. 1998-99 വർഷത്തിൽ 200 ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങൾ ആരംഭിച്ചു. ഇതിനുപുറമേ കർഷകരുടെ വീട്ടു പടിയ്ക്കൽ കന്നുകാലികൾക്ക് കൃത്രിമ ബീജധാനം ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ പത്തു ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങളിൽ മൊബൈൽ ബീജധാന യൂണിറ്റുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ത്രിതല പഞ്ചായത്തുകൾ മുഖേന കേരളത്തിലെ മുഴുവൻ സങ്കര വർഗ്ഗ കറവപ്പശുക്കളെയും അവയുടെ ഉടമകളെയും ഇൻഷ്വറൻസ് പരിരക്ഷയിൽ കൊണ്ടുവരിക എന്നതാണ് സർക്കാർ ഇപ്പോൾ ലക്ഷ്യമിട്ടിട്ടുള്ളത്.

വാഹനാപകടം കുറയ്ക്കാൻ നടപടി

28 (*28) ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. പി. വിശ്വൻ:
ശ്രീ. പി. രാഘവൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാഹന അപകടം വർദ്ധിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വാഹന അപകടങ്ങൾ വർദ്ധിച്ചു വരുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയെന്ന് ബോദ്ധ്യമായിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ ;

(സി) എങ്കിൽ വർദ്ധിച്ചു വരുന്ന വാഹന അപകടങ്ങളും മരണങ്ങളും കുറച്ചുകൊണ്ടു വരുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തെ പ്രധാന കേന്ദ്രങ്ങളിൽ വാഹനങ്ങളുടെ വേഗത അളക്കാനുള്ള റഡാറുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടുവോ; എങ്കിൽ എവിടെയൊക്കെയാണ് റഡാറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്തെ ഓരോ ജില്ലയിലും വ്യത്യസ്ത കാരണങ്ങളാലാണ് അപകടം സംഭവിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഓരോ ജില്ലയിലും അനുയോജ്യമായ രീതിയിൽ സുരക്ഷാ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) സംസ്ഥാനത്ത് അമിതവേഗതയിൽ വാഹനം ഓടിക്കുന്നവർക്കെതിരെ എന്തൊക്കെ കർശന നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) തുടർച്ചയായി ആറു മണിക്കൂറും അതിലേറെയും സമയം വാഹനം ഓടിക്കുന്നവരെ കണ്ടുപിടിക്കാൻ നടപടി സ്വീകരിക്കുമോ;

(ഐ) എല്ലാ ജില്ലകളിലും ഘട്ടം ഘട്ടമായി ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ & ബി) സംസ്ഥാനത്തുണ്ടാകുന്ന വാഹന അപകടങ്ങൾ തടയുന്നതിന് സർക്കാർ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വാഹനങ്ങളുടെ പെരുപ്പം, അമിത വേഗത, ഡ്രൈവർമാരുടെ അശ്രദ്ധ, ട്രാഫിക് സിഗ്നൽ ലംഘിച്ച് വാഹനമോടിക്കൽ, വാഹനങ്ങളുടെ കാലപ്പഴക്കം തുടങ്ങിയവയാണ് വാഹനാപകടങ്ങളുണ്ടാകുന്നതിന്റെ പ്രധാന കാരണങ്ങൾ.

(സി) ഉണ്ട്. സംസ്ഥാനത്ത് റോഡ് സുരക്ഷാ നടപടികൾ ശക്തമാക്കുന്നതു സംബന്ധിച്ച് പഠിച്ചു ശുപാർശ സമർപ്പിക്കുവാൻ സർക്കാർ തലത്തിൽ പോലീസ്, പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ് (റോഡ്സ്, ബ്രിഡ്ജസ്, നാഷണൽ ഹൈവേ) ട്രാൻസ്പോർട്ട്, ഫോറസ്റ്റ് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റിയുടെ ശുപാർശ പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുകയും ഇവ കാലാകാലങ്ങളിൽ യോഗം കൂടുകയും വിവിധ വകുപ്പുകൾ കൈക്കൊള്ളേണ്ട നടപടികൾ തീരുമാനിക്കുകയും ആ തീരുമാനങ്ങൾ അതാതു വകുപ്പുകൾ മുഖാന്തിരം നടപ്പിലാക്കി വരികയും ചെയ്യുന്നു. ദേശീയപാതയിലും എം.സി. റോഡിലും പട്രോൾ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ആട്ടോറിക്ഷകളിൽ യാത്ര ചെയ്യുമ്പോൾ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും അമിതമായി യാത്രാകൂലി ഈടാക്കുന്നതു തടയുന്നതിനും വേണ്ടി തിരുവനന്തപുരം, കൊല്ലം, എറണാകുളം എന്നിവിടങ്ങളിൽ പ്രീപെയ്ഡ് ആട്ടോറിക്ഷാ ഹയറിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. ട്രാഫിക് അപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തിര ചികിത്സാ ലഭ്യമാക്കുന്നതിന് ട്രാഫിക് പോലീസിന്റെ ഹെൽപ് ലൈൻ സംവിധാനം എല്ലാ ജില്ലകളിലും പ്രവർത്തിച്ചു വരുന്നു. ഇതിന്റെ ഭാഗമായി പോലീസ് വകുപ്പു സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ പറയുന്നു.

1. പൊതുമരാമത്ത്, മുൻസിപ്പൽ, റവന്യു വിഭാഗങ്ങളിലെ അധികാരികളുടെ സഹായത്തോടെ നടപ്പാതകളിലെ അനധികൃത കൈയ്യേറ്റങ്ങൾ പൂർണ്ണമായും ഒഴിവാക്കാൻ ഘട്ടംഘട്ടമായി നടപടികൾ സ്വീകരിച്ചു വരുന്നു.

2. മോട്ടാർ വാഹന നിയമങ്ങൾ കർശനമായും പാലിക്കണമെന്ന് എല്ലാ ജില്ലാ പോലീസ് അധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സമാന്തര സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. ട്രാഫിക് പോലീസ് വിഭാഗം ഒരു പ്രത്യേക

LIBRARY ARCHIVES Kerala Legislative Assembly

യൂണിറ്റായി പുന:സംഘടിപ്പിക്കണമെന്ന നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. കുറ്റമറ്റ ട്രാഫിക് സംവിധാനം നടപ്പിലാക്കുന്നതിനു വേണ്ടി ഐ.ജി.പി. (എ.പി.ബറ്റാലിയൻ ആന്റ് ട്രാഫിക്)യുടെ തസ്തിക സൃഷ്ടിച്ചു പ്രവർത്തിച്ചു വരുന്നു. ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവരിൽ ഗുരുതരമായ കുറ്റങ്ങൾ ചെയ്യുന്നവരുടെ ഡ്രൈവിംഗ് ലൈൻസ്, ആർ.റ്റി.ഓ.യുമായി ബന്ധപ്പെട്ടു ക്യാൻസൽ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വാഹനങ്ങളിൽ നിയമവിരുദ്ധമായി സംഗീതം ഉപയോഗിക്കുന്നതിനെതിരെയും നടപടി എടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വാഹനങ്ങളുടെ വേഗതപരിധി കർശനമായി പാലിക്കണമെന്ന് പൊതുജനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹായ സഹകരണങ്ങളോടെ ട്രാഫിക് സിഗ്നൽ ലൈറ്റ് സമ്പ്രദായവും നടപ്പിലാക്കി വരുന്നു. ഇതിനും പുറമേ ആവശ്യമെന്നു തോന്നുന്ന റോഡുകളിൽ വൺവേ ട്രാഫിക് ഏർപ്പെടുത്തിയും ഗതാഗത നിയന്ത്രണത്തിന് ആവശ്യമായ ട്രാഫിക് പോലീസിനെ നിയോഗിച്ചും ആവശ്യം വേണ്ട സ്ഥലങ്ങളിൽ ട്രാഫിക് ഐലന്റുകൾ സ്ഥാപിച്ചും ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവരെ കണ്ടുപിടിക്കുവാൻ സ്പീഡ് റഡാർ മുതലായ ശാസ്ത്രീയ ഉപകരണങ്ങൾ ഉപയോഗിച്ചും മദ്യപിച്ച് വാഹനം ഓടിക്കുന്നവരെ കണ്ടുപിടിക്കുവാൻ ബ്രീത്ത് അനലൈസർ ഉപയോഗിച്ചും ട്രാഫിക് നിയമം ലംഘിക്കുന്നവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചു വരുന്നു. വാഹനത്തിരക്കുള്ള കവലകളിലും മറ്റും ശാസ്ത്രീയമായി മീഡിയനുകൾ സ്ഥാപിച്ചും, റിഫ്ളക്ടർ സ്ഥാപിച്ചും ആവശ്യമുള്ള സ്ഥലങ്ങളിൽ ബംബുകൾ നിർമ്മിച്ചും വളവുകളിൽ വേണ്ടത്ര സൂപ്പർ എലിവേഷൻ കൊടുത്തും വാഹനപകടങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള മേഖലകളെ അപകടവിമുക്തമാക്കുന്നുണ്ട്. അമിതവേഗത തടയുന്നതിനു വേണ്ടി എല്ലാ ജില്ലകളിലും "റ്റൈം എൻഫോഴ്സ്മെന്റ്" ചെക്കിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് വാഹനാപകടങ്ങൾ ഒഴിവാക്കി കുറ്റമറ്റ ട്രാഫിക് സംവിധാനം ഏർപ്പെടുത്തുന്നതിനു ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനായി സർക്കാർ ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2000 മേയ് 15 മുതൽ ജൂൺ 15 വരെ ട്രാഫിക് സേഫ്റ്റി മാസമായി ആചരിച്ചു റോഡു സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം വരുത്തുന്നതിനും സർക്കാർ തീരുമാനിക്കുകയും അതനുസരിച്ച് ആചരിച്ചും വരുന്നു.

(ഡി) സംസ്ഥാനത്തെ മൂന്നു സിറ്റികളിലും തിരുവനന്തപുരം റൂറൽ, ആലപ്പുഴ, എറണാകുളം റൂറൽ, മലപ്പുറം, പാലക്കാട് തുടങ്ങിയ ജില്ലകളിലും വാഹനങ്ങളുടെ വേഗത അളക്കുന്നതിനുള്ള റഡാറുകൾ സ്ഥാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ & എഫ്) ഇല്ല. സാധാരണയായി കണ്ടുവരാറുള്ള കാരണങ്ങൾ വാഹനപെരുപ്പം, അമിത വേഗത, ഡ്രൈവർമാരുടെ അശ്രദ്ധ ട്രാഫിക് സിഗ്നൽ ലംഘിച്ച് വാഹനമോടിക്കൽ, വാഹനങ്ങളുടെ കാലപ്പഴക്കം എന്നിവയാണ്. സംസ്ഥാനത്തെ റോഡ് സുരക്ഷാ കമ്മിറ്റി കാലകാലങ്ങളിൽ യോഗം കൂടി അതാത് പ്രദേശത്തെ ട്രാഫിക് സുരക്ഷാ നടപടിക്കുവേണ്ട ക്രമീകരണം ചെയതുവരുന്നുണ്ട്.

(ജി) അമിതവേഗതയിൽ വാഹനം ഓടിക്കുന്നവരെ 'സ്പീഡ്റഡാർ' ഉപയോഗിച്ച് കണ്ടുപിടിച്ച് അവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചു വരുന്നു. പ്രൈവറ്റ് ബസുകൾ അമിതവേഗതയിൽ ഓടിച്ചു അപകടങ്ങൾ ഉണ്ടാക്കുന്നത് കർശനമായി നിയന്ത്രിക്കുന്നതിനുവേണ്ടി എല്ലാ സിറ്റികളിലും 'റ്റൈം എൻഫോഴ്സ്മെന്റ ചെക്കിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.

(എച്ച്) വാഹന പരിശോധനാ വേളകളിൽ ഇപ്രകാരം വാഹനം ഓടിക്കുന്നവരെ ശ്രദ്ധയിൽപ്പെട്ടാൽ ഇതുസംബന്ധിച്ച് അവർക്കുവേണ്ട നിർദ്ദേശങ്ങൾ നൽകി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഐ) സംസ്ഥാനത്ത് ട്രാഫിക് സംവിധാനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി 3 സിറ്റികളിലെയും ട്രാഫിക് സ്റ്റേഷന്റെ നിലവിലുള്ള അംഗസംഖ്യ വർദ്ധിപ്പിക്കുവാനും എല്ലാ ജില്ലകളിലും ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുമുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

ഹർത്താൽ നിരോധിച്ചുകൊണ്ടുള്ള ഹൈക്കോടതി വിധി

29 (*29) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പാലോട് രവി :
ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർബന്ധ ഹർത്താൽ നിരോധിച്ചു കൊണ്ടുള്ള ഹൈക്കോടതി വിധിയിൽമേൽ സർക്കാർ അഭിപ്രായ രൂപീകരണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;

(ബി) ഹർത്താൽ നിരോധിച്ചു കൊണ്ടുള്ള ഹൈക്കോടതി വിധിയിൻമേൽ ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കുമോ ;

(സി) നിർബന്ധ ഹർത്താൽ ദിവസം അതു നേരിടാൻ സർക്കാർ തന്നെ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ ചില പ്രത്യേക സന്ദർഭങ്ങളിൽ പാലിക്കപ്പെട്ടിട്ടില്ലെന്ന കോടതി പരാമർശം ഉണ്ടായിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ സ്ഥിതി വിശേഷം ചർച്ച ചെയ്യപ്പെടാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly